**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** **24-08-2022 - ൽ മറുപടിയ്ക്ക്**

**ആര്യനാട് സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന ജനങ്ങൾ കെ.എസ്.ഇ.ബി.- യുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്ക് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്ന അവസ്ഥ നിലവിലുള്ളതിനാൽ ഇവർക്ക് സൗകര്യപ്രദമായ രീതിയിൽ പറങ്ങോട് കേന്ദ്രീകരിച്ച് ഒരു സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ആര്യനാട്ടിൽ സബ്എഞ്ചിനീയർ ഓഫീസ് അനുവദിയ്ക്കുന്നതു പ്രായോഗികമല്ല. ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്ന തിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ. ബി.എൽ-ൽ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ